**കാടിനധിപൻ രാമൻകുട്ടിമൂപ്പന്റെ മകൻ സ്വാമിനാഥനൊത്തുള്ള കുരിയാർകുട്ടി കാട്ടിലെ യാത്രാനുഭവങ്ങൾ ഫോട്ടോഗ്രാഫർ എൻ.എ. നസീർ പങ്കുവെയ്ക്കുന്നു.**

# സ്വാമിനാഥന്റെ വേർപാട്

എൻ.എ. നസീർ

(കഴിഞ്ഞലക്കം തുടർച്ച)

ഞാനും ജലീലും ആകാംക്ഷയുടെ മുൾമുനയിൽ നില്ക്കുമ്പോൾ സ്വാമിനാഥൻ ഉടുമുണ്ട് അഴിച്ചുമാറ്റി തുടയിലെ മുറിപാട് ഞങ്ങൾക്കു കാട്ടിതരുന്നു. അയാൾ ഒരിക്കലും കാട്ടിലെ കഥകളിൽ കള്ളം ചേർക്കാറില്ല. എല്ലാത്തിനും തെളിവുകൾ അയാൾ കാട്ടിതരും.

തെല്ലിക്കലാറിൽ തേൻ നോക്കാൻ ഒരു മഞ്ഞുകാലത്ത് സ്വാമിനാഥനും കൂട്ടുകാരനും പോയപ്പോൾ കണ്ടരംഗം ഒരു നടുക്കത്തോടെയാണ് അയാൾ വിവരിച്ചത്. മൂന്നു ഭയങ്കര കടുവകൾ. ഒരു പെണ്ണും രണ്ടാണും. പെണ്ണിനു വേണ്ടി ആൺകടുവകൾ തമ്മിൽ ഉഗ്രൻ പോരാട്ടം നടത്തുകയാണ്. അവയുടെ അലർച്ചകളും ആക്രമണങ്ങളും സ്വാമിനാഥന്റെ മുഖത്തേക്ക് കയറിവരുന്നത് ഞങ്ങൾ ഉറ്റുനോക്കി. അന്ന് തെല്ലിക്കലാറ്റിലെ പൂഴി വാനോളം ഉയർന്നത്രെ! ഒടുവിൽ ഒരു കടുവ ചത്തു. ഉടൻ ബാക്കി രണ്ടും സ്ഥലം വിട്ടു. സ്വാമിനാഥനും കൂട്ടുകാരനും ഭീതിയോടെ ചത്തു കിടക്കുന്ന കടുവയുടെ അരികിലെത്തി. അത്രയും വലിപ്പമുള്ള കടുവയെ അവരന്ന് ആദ്യമായി കാണുകയായിരുന്നു. അതിന്റെ വൃക്ഷണമെല്ലാം മറ്റെ കടുവ കടിച്ചു കീറി കളഞ്ഞിരുന്നു. കടിച്ചു പിടിച്ച വലിയ പല്ലുകളും തുറിച്ച കണ്ണുകളും കണ്ട് അവരവിടെ നിന്നും കുടിയിലേക്കോടി. രണ്ടു ദിവസം ആ കാഴ്ചയുടെ ഓർമ്മയിൽ പനിച്ചു കിടന്നു.

ഒരിക്കൽ ഞാനും വിജയനും സ്വാമിനാഥനും കൂടി പൂപ്പാറ മുതുവ കുടിയിലേക്ക് നടന്നു. മുതുവാന്മാരുടെ പൊങ്കൽ ആഘോഷം ക്യാമറയിലാക്കുവാനായിരുന്നു അത്. ഏകദേശം നാലു മണിക്കൂർ നടന്നുവേണം അവിടെ എത്തുവാൻ. വഴി നീളെ സ്വാമിനാഥൻ നല്ല മൂഡിലായിരുന്നു. ഓരോ മലയും ചൂണ്ടി 'എട വിജയാ... ആ മല ഏതാണ് എന്നറിയൊ നിനക്ക്?'

'സ്വാമിനാഥനണ്ണനല്ലെ എല്ലാം അറിയുന്നത്' വിജയന് നീരസം.

'എനിക്കറിയില്ലടാ.... നീ അല്ലെ പറമ്പികുളത്തെ സർക്കീട്ടുകാരൻ' സ്വാമിനാഥൻ പൊട്ടിചിരിക്കും. പിന്നീട് ഓരോ മലയുടെയും പേരുകൾ ചറപറ പറഞ്ഞു എന്നേയും വിജയനേയും അമ്പരപ്പിക്കും.

ഒരിക്കൽ കരിയാർ കുട്ടിയിലേക്ക് നടന്നു ചെല്ലുകയാണ് ഞാൻ. സ്വാമിനാഥനെ കുടിയിൽ തിരക്കി. അയാൾ കുരിയാർ കുട്ടി പാലത്തിലിരിക്കുന്നുണ്ട് എന്നറിഞ്ഞു ഞാൻ അങ്ങോട്ട് ചെന്നു. സ്വാമിനാഥന്റെ ആ ഇരിപ്പ് ഓർമ്മയിലിന്നും നിറം മങ്ങാതെ നില്ക്കുന്നു. അസ്തമയ സൂര്യന്റെ കിരണങ്ങൾ പിന്നിൽ നിന്നും അയാളുടെ ചുരുണ്ട മുടിയിൽ പതിച്ചപ്പോൾ, അത് സ്വർണ്ണ നിറമാർന്ന ഒരു കിരീടം പോലെ തിളങ്ങുന്നു. ഞാനത് ക്യാമറയിൽ പകർത്തി സ്ലൈഡ് ഫിലിമാക്കി നെൽസൺ സാറിനു കൊടുത്തു. അദ്ദേഹത്തിന്റെ നേചർ ക്യാമ്പുകളിലെ സ്ലൈഡ് ഷോകളിൽ പിന്നീട് 'കാടിനധിപൻ രാമൻകുട്ടി മൂപ്പന്റെ മകൻ സ്വാമിനാഥൻ കിരീടം അണിഞ്ഞു' നിറഞ്ഞുനിന്നു.

ഏറെ വർഷങ്ങൾ കഴിഞ്ഞ് ഞാനിപ്പോൾ ഈ പടിക്കെട്ടിൽ ഇരിക്കുമ്പോൾ പറമ്പികുളം 'കടുവസങ്കേത'മായി ഉയരുവാൻ പോകുന്ന തിരക്കിലാണ്. ഇപ്പോൾ ഇവിടെ നെൽസൺ സാറില്ല. അദ്ദേഹം സ്ഥലം മാറി സൈലന്റ് വാലിയിലേക്ക് പൊയ്ക്കഴിഞ്ഞിരിക്കുന്നു. ക്വാർട്ടേഴ്സിനു ചുറ്റും കാട് വളർന്നിരിക്കുന്നു. കതകുകൾ എല്ലാം ചിതലരിച്ചു തുടങ്ങിയിരിക്കുന്നു. 'പോകാം' വിജയൻ എന്നെ ചിന്തകളിൽ നിന്നുമുണർത്തി.

ഞങ്ങൾ കരിയാർ കുട്ടിയിലേക്ക് നടന്നു. പാലത്തിനു മുകളിൽ നിന്നും ഞാൻ പക്ഷികളെ തേടുമ്പോൾ സ്വാമിനാഥന്റെ മകൻ എന്നെ കാണുവാൻ വന്നു. അവൻ വളർന്നിരിക്കുന്നു. സ്വാമിനാഥന്റെ അതേ രൂപം. ആ ചുരുണ്ട മുടിയും നീളമേറിയ കൈകാലുകളും തടിച്ചു മലർന്ന ചുണ്ടുകളും....

കാട്ടു മാമ്പഴം പെറുക്കിതരുമ്പോൾ അവൻ പറഞ്ഞു. 'സാറിനെ അമ്മേയ്ക്ക് കാണണം.'

സ്വാമിനാഥന്റെ വീടിന്റെ വരാന്തയിലിരിക്കുമ്പോൾ, അവർക്കൊന്നും കൊടുക്കാനില്ലാതെ ധർമ്മസങ്കടത്തിലായിരുന്നു ഞാൻ. ഏറെയാത്രകൾ കഴിഞ്ഞെത്തിയ എന്റെ പോക്കറ്റുകൾ എന്നേ ഒഴിഞ്ഞിരുന്നു....

കുരിയാർകുട്ടി പുഴതീരങ്ങളിലൂടെ സ്വാമിനാഥനുമായി അലഞ്ഞു നടന്നതൊക്കെ മനസ്സിനുള്ളിലേയ്ക്ക് തിരികെ വരികയാണ്....

എന്റെ അടുത്ത വരവിൽ സ്വാമിനാഥന്റെ മകന് എന്നോടൊപ്പം കാട്ടിൽ വരണം. പ്ലസ്ടു പാസായ അവൻ പഠിക്കുവാൻ നല്ല മിടുക്കനായിരുന്നു. ഇപ്പോൾ കൂലിവേലക്കു പോകുന്നു...

ഒരിക്കൽ മാതൃഭൂമിയിൽ നിന്നും ജി. ഷഹീദ് വിളിച്ചു. 'നസീർ, സ്വാമിനാഥൻ പോയി.' ഞാൻ സ്തബ്ധനായി. തടി കയറ്റിക്കൊണ്ടിരിക്കുമ്പോൾ കമ്പി നെഞ്ചിലടിച്ചു കൊണ്ടുവെന്നും കാട്ടിൽ നിന്നും മണിക്കൂറുകൾ കഴിഞ്ഞ് താഴെ ഹോസ്പിറ്റലിലേക്ക് എത്തിക്കുന്നതിനു മുമ്പ് എല്ലാം കഴിഞ്ഞിരുന്നുവെന്നും ഷഹീദ് വിശദീകരിച്ചതൊക്കെ ഞാൻ അവ്യക്തമായി ഓർക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം എല്ലാം അവസാനിച്ചിരുന്നു.

ആറ് വർഷം കഴിഞ്ഞിരിക്കുന്നു സ്വാമിനാഥന്റെ ആ യാത്രയ്ക്ക്. അയാളുടെ വീട്ടിൽ നിന്നും ഞാനും വിജയനും ഇറങ്ങിനടന്നു. കുരിയാർകുട്ടി പാലത്തിലിരുന്നു സ്വാമിനാഥൻ എന്നെ വിളിച്ചതായി തോന്നി.

'സാറെ വേഴാമ്പൽ നോക്കാൻ പൂകാ.'

മനസ്സിന്റെ ഓർമ്മചീളുകളിലിരുന്നു സ്വാമിനാഥൻ വീണ്ടും എന്നെ നോക്കി ചിരിക്കുകയാണ്...

വേർപിരിഞ്ഞു പോകുന്നവർ ചിലരൊക്കെ ഇടക്കിടെ നമ്മുടെ ഇടനെഞ്ചിനകത്ത് വന്നു മുട്ടിവിളിക്കും.... എന്നിട്ട് നമ്മളെയും കൂട്ടി ഓർമ്മകളുടെ ഊടുവഴികളിലൂടെ തിരികെ നടക്കുന്നു.

*നടുവിലകത്ത് വീട്, പള്ളിപോർട്ട്, എറണാകുളം*
*e-mial : naseerart@hotmail.com*